'നാട്പാക്' ന് ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുക

32 (2961)ശ്രീ. വി.ജെ. പൗലോസ് :

ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 'നാട്പാക്' ന് 1998-99, 1999-2000 എന്നീ സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സർക്കാർ ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുക എത്ര;

(ബി) 'നാട്പാക്' ന് നടപ്പു വർഷം സംസ്ഥാന സർക്കാർ ഗ്രാന്റ് ഇനത്തിൽ അനുവദിച്ച തുക പ്രസ്തുത സ്ഥാപനത്തിന്റെ കാര്യക്ഷമമായ നടത്തിപ്പിന് അപര്യാപ്തമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 1998-99 വർഷത്തിൽ പദ്ധതിവിഹിതം, പദ്ധതിയേതര വിഹിതം, പഠനങ്ങൾക്കു വേണ്ടിയുള്ള വിഹിതവുമായി 125 ലക്ഷം രൂപയും 1999-2000 വർഷത്തിൽ 136 ലക്ഷം രൂപയും ഗ്രാന്റ് ആയി അനുവദിച്ചിട്ടുണ്ട്.

(ബി)&(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

വിമുക്തഭടന്മാർക്ക് ജോലി സംവരണം

33 (2962)ശ്രീ. സി.കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര വിമുക്തഭടന്മാർ സൈനികബോർഡുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) അവർക്ക് ജോലി നൽകാൻ ഏതെല്ലാം മേഖലകളിൽ എന്തെല്ലാം സംവരണം ഏർപ്പെടുത്തിയിട്ടുണ്ട്;

(സി) ജോലി സംവരണത്തിന് പുറമേ വിമുക്തഭടന്മാർക്ക് എന്തെങ്കിലും ആനുകൂല്യങ്ങൾ സർക്കാർ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാമാണ്?

ഉത്തരം

(എ) 1998 ഡിസംബർ 31 വരെ സംസ്ഥാനത്തെ സൈനികക്ഷേമ ഓഫീസുകളിൽ പുനർ നിയമനത്തിനായി 27499 വിമുക്തഭടന്മാർ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) സൈനികക്ഷേമവകുപ്പിലെ മുഴുവൻ തസ്തികയും എൻ.സി.സി. വകുപ്പിലെ ക്ലാസ്സ് മൂന്ന്, നാല് തസ്തികകളും വിമുക്തഭടന്മാർക്ക് സംവരണം ചെയ്തിരിക്കുന്നു. പോലീസ് വകുപ്പിൽ നിബന്ധനകൾക്ക് വിധേയമായി ഡ്രൈവർ, മൃഗസംരക്ഷണവകുപ്പിൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ്-2 എന്നീ തസ്തികകളിൽ പത്ത് ശതമാനവും വിവിധ വകുപ്പുകളിൽ സാർജന്റ് തസ്തിക, ഗവൺമെന്റ് സെക്രട്ടേറിയറ്റ്, വികാസ് ഭവൻ സർവകലാശാലകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ സെക്യൂരിറ്റി ജോലി ഇവ വിമുക്തഭടന്മാർക്ക് സംവരണം ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly